**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2515** 07.02.2019 -ൽ മറുപടിയ്ക്ക്

## അഴീക്കൽ ബീച്ചിന്റെ വികസനം

ചോദ്യം മറുപടി

ശ്രീ.ആർ. രാമചന്ദ്രൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| **എ)** | ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനത്തിന് സ്ഥല ലഭ്യത തടസമാകുന്നുണ്ടോ; 2012 ൽ ഇതിന്റെ വികസനത്തിന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | 26/09/2012 തീയതിയിലെ സർക്കാർ ഉത്തരവ് 1 കോടി രൂപയ്ക്ക് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ഘടകങ്ങളായ നടപ്പാത, മണ്ഡപം, ഗ്യാലറി, ഇരിപ്പിടങ്ങൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്.സ്ഥലലഭ്യതയുടെ അഭാവം മൂലം ടി പദ്ധതിയിലുൾപ്പെട്ട ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ടോയലറ്റ് എന്നീ ഘടകങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തിയായ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 60,16,931/- രൂപ ചെലവായിട്ടുണ്ട്. |
| **ബി)** | ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുമോ; വിശദീകരിക്കുമോ? | ബി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ടൂറിസം വകുപ്പിന് പദ്ധതി നടത്തിപ്പിനായി NOC ലഭ്യമാക്കുകയാണെങ്കിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ